Class No. : ...................................

Name : ..........................................

**SSE 08**

# SECOND YEAR HIGHER SECONDARY SECOND TERMINAL EVALUATION, DECEMBER 2019
## Part – II
## MALAYALAM

Maximum : 80 Scores

Time : 2½ Hours
Cool-off Time : 15 Minutes

**പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട 2½ സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിനു മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

Score

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.**

**(4×2=8)**

1. സിംഹാസനത്തിൽ ഇരിക്കുന്ന കേവലരാമനെ പിടിച്ചു താഴെയിടുകയും ദണ്ഡുകൊണ്ട് അടിക്കുകയും ചെയ്യുന്ന കൊത്തുവാളിലൂടെ സൂചിതമാകുന്നത് എന്തൊക്കെയാവാം ? അനുയോജ്യമായവ തെരഞ്ഞെടുത്തെഴുതുക.
   - അധികാരവ്യവസ്ഥയെ ശുദ്ധീകരിക്കാനുള്ള ശ്രമം.
   - ഭരണകൂടത്തിന്റെ കാര്യക്ഷമത.
   - ഭരണവർഗത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന വികലമായ നീതിന്യായ വ്യവസ്ഥ.
   - മർദ്ദനത്തിലൂടെ ഭരണമുണ്ടെന്നു വരുത്തൽ.

2. 'അറബിമലയാള'ത്തിനു യോജിക്കുന്നവ തെരഞ്ഞെടുത്തെഴുതുക.
   - കുടിയേറ്റക്കാരായ അറബികൾ സ്വീകരിച്ച മലയാളം .
   - മാപ്പിളപ്പാട്ടുകൾ ഏറെയും രചിക്കപ്പെട്ട സാഹിത്യശാഖ.
   - അറേബ്യൻനാടുകളിൽ താമസമാക്കിയ മലയാളികളുടെ ഭാഷ.
   - പരിഷ്കരിച്ച അറബിലിപിയിൽ മലയാളം എഴുതിയിരുന്ന രീതി.

Score

3. ''സംഗീതത്തെക്കുറിച്ചും എന്നെക്കുറിച്ചും പറയേണ്ടി വരുമ്പോഴൊക്കെ ഞാനെന്റെ ബാപ്പയുടെ ഈണം കേൾക്കുന്നു'' – ഈ വാക്കുകളിൽ സൂചിതമാവുന്നത്.
   - കലാമണ്ഡലം ഹൈദരലിക്ക് ബാപ്പയുമായുള്ള ഹൃദയബന്ധം.
   - സ്വന്തം കഴിവുകളിലുള്ള ആത്മവിശ്വാസമില്ലായ്മ.
   - തിരസ്കാരങ്ങൾ മറക്കാനുള്ള ശ്രമം.
   - സംഗീതരംഗത്ത് തന്റെ വളർച്ച കാണാൻ ബാപ്പ ഇല്ലാതെ പോയതിലുള്ള ദു:ഖം.

4. കുഞ്ചൻ നമ്പ്യാരുടെ കവിതയുടെ സവിശേഷതകൾ തെരഞ്ഞെടുത്തെഴുതുക.
   - ആക്ഷേപഹാസ്യത്തിലൂടെ സാമൂഹികവിമർശനം നിർവ്വഹിക്കുന്നു.
   - പുരാണകഥാപാത്രങ്ങളെ കേരളീയവൽക്കരിച്ച് അവതരിപ്പിക്കുന്നു.
   - വരേണ്യവർഗത്തിൽപ്പെട്ടവരെ ബോധവൽക്കരിക്കുന്നത് മുഖ്യലക്ഷ്യമായി കാണുന്നു.
   - സാധാരണക്കാർക്ക് മനസിലാകാത്ത ഭാഷ ഉപയോഗിക്കുന്നു.

5. പാരഡിയിലൂടെ ഹാസ്യം ജനിപ്പിക്കുന്നതിന് ഉദാഹരണങ്ങൾ തെരഞ്ഞെടുത്തെഴുതുക.
   - മറിമായങ്ങളുമവിനയവും ഞാൻ
     അറിയുന്നവളല്ലച്യുതകൃഷ്ണ!
   - ദാമ്പത്യം ആരോഗ്യത്തിനു ഹാനികരം.
   - മാറ്റുക മാറ്റുക ചട്ടങ്ങളെയവ മാറ്റും നിങ്ങളെയല്ലെങ്കിൽ
   - എല്ലാവരുടെയും ഉള്ളിലുണ്ട് ഒരു ബോധിവൃക്ഷം.

**6 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒറ്റ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(3×2=6)**

6. ''നില്ലാതെ വിഷമങ്ങൾ വല്ലാതെവന്നു നമു–
ക്കെല്ലാമോർത്താലാരോടു ചൊല്ലുന്നുഞാനിക്ലേശം''
– ഈ വരികളിലൂടെ പ്രകടമാവുന്ന, ശീലാവതിയുടെ മാനസികാവസ്ഥ എന്താവാം ?

7. ''വിശപ്പുപോലുള്ള താണതരം കാര്യങ്ങളിൽ നാം വ്യാപൃതരാകാറുണ്ടോ'' – വിദൂഷകന്റെ ഈ സംശയത്തിൽ പ്രതിഫലിക്കുന്ന മനോഭാവത്തെപ്പറ്റി പ്രതികരിക്കുക.

8. ''നെഞ്ചത്തൊരു പന്തം കുത്തി
നിൽപ്പൂ കാട്ടാളൻ........'' ഈ വർണ്ണനയിൽ തെളിയുന്ന, കാട്ടാളന്റെ ഭാവം എന്ത് ?

9. ''അദ്ഭുതമെന്നേ പറയേണ്ടൂ – ദേവസ്യക്കല്ല,
പറ്റിയതു തേങ്ങയ്ക്കായിരുന്നു!''
– ഈ വരികളിലെ ഹാസ്യത്തിന്റെ സവിശേഷത എന്ത് ?

Score

**10 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(5×4=20)**

10. കേശിനി വിദഗ്ധമായ ഒരു തോഴിയാണെന്ന് കരുതാമോ ? നിങ്ങളുടെ അഭിപ്രായം ലഘുക്കുറിപ്പായി എഴുതുക.

11. ''ഐതിഹ്യങ്ങളും ചരിത്രവസ്തുതകളും സൂചിപ്പിക്കുന്നത് യാത്രാവിവരണങ്ങൾക്ക് കൂടുതൽ മിഴിവേകാറുണ്ട്'' – യമുനോത്രിയുടെ ഊഷ്മളതയിൽ എന്ന പാഠത്തിൽ നിന്ന് ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

12. ''പ്രകാശം ജലം പോലെയാണ്'', എന്ന ആഖ്യാതാവിന്റെ പ്രസ്താവന കഥാഗതിയിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ച് ലഘുക്കുറിപ്പ് തയ്യാറാക്കുക.

13. ''മോഷണം എന്ന കവിതയുടെ തുടക്കത്തിൽ പ്രയോഗിക്കുന്ന 'മോഷ്ടാവ്', 'കള്ളൻ' എന്നീ വാക്കുകളുടെ വ്യത്യസ്ത സാമൂഹ്യമാനങ്ങളാണ് നമ്മിൽ ചിരിയും ചിന്തയുമുണർത്തുന്നത് ''. – ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ മോഷ്ടാവ്, കള്ളൻ എന്നീ വാക്കുകൾക്ക് കവിതയിലുള്ള അർഥതലങ്ങൾ വിശകലനം ചെയ്യുക.

14. ''പിറവീലുള്ളൊരു ജാതക ദോഷം
കുറയല്ലതുകൊണ്ടിങ്ങനെ നമ്മെ –
ക്കുറവു പറഞ്ഞു നശിപ്പിക്കുന്നു
കുറവറ്റീടിന മുനികുലനാഥൻ''.
ശീലാവതി ഭർത്താവിനെ കുറവില്ലാത്തവൻ എന്നു വിശേഷിപ്പിക്കുന്നതിൽ പരിഹാസം ഒളിഞ്ഞിരിപ്പുണ്ടോ ? നിങ്ങളുടെ അഭിപ്രായം പ്രതികരണക്കുറിപ്പായി എഴുതുക.

15. തനതു നാടകവേദിയെക്കുറിച്ച് ഒരു പ്രഭാഷണം നടത്തുന്നതിന് സഹായകമായ നാലു സൂചനകൾ തയ്യാറാക്കുക.

**16 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(4×6=24)**

16. തേങ്ങ, മോഷണം എന്നീ രചനകളിലെ ഹാസ്യത്തിന്റെ വിവിധ തലങ്ങളെക്കുറിച്ച് ലഘൂപന്യാസം തയ്യാറാക്കുക.

17. 'അഗ്നിവർണന്റെ കാലുകൾ' എന്ന നാടകത്തിൽ അടിച്ചുതളിക്കാരി രംഗത്തെത്തുന്നതോടെ നാടകത്തിനു കൈവരുന്ന സാമൂഹ്യമാനങ്ങൾ വിശകലനം ചെയ്യുന്ന കുറിപ്പ് തയ്യാറാക്കുക.

18. ഹിമാലയപ്രദേശത്തിന്റെ മനോഹാരിതയോടൊപ്പം മനുഷ്യജീവിതത്തിന്റെ ക്ലേശങ്ങളും എസ്. കെ. പൊറ്റെക്കാട്ട് 'ബദരിയും പരിസരങ്ങളും' എന്ന യാത്രാവിവരണത്തിൽ ഹൃദ്യമായി ആവിഷ്കരിച്ചിട്ടുണ്ട്. – വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

19. 'മനുഷ്യൻ നിർമ്മിച്ച അതിർവരമ്പുകളെ കല മായ്ച്ചുകളയുന്നു' – കലാമണ്ഡലം ഹൈദരാലിയുടെ ജീവിതാനുഭവങ്ങളെ ആസ്പദമാക്കി ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

20. 'കണ്ണാടികാൺമോളവും' എന്ന പാഠത്തിലെ ശകുന്തളയുടെയും 'കൊള്ളിവാക്കല്ലാതൊന്നും' എന്ന പാഠത്തിലെ ശീലാവതിയുടെയും വ്യക്തിത്വ സവിശേഷതകൾ വിശകലനം ചെയ്ത് താരതമ്യ ലേഖനം തയ്യാറാക്കുക.

Score

**താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് 21 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(3×2=6)**

അംഗസൗഭഗം കണികാണുവാനില്ലാത്തോരു
ഭൃംഗമാണെന്നാലെന്താപ്പൂവിന്നു ഞാനേ ജീവൻ
പ്രേമത്തിൻ ചില്ലിൽക്കൂടി നോക്കുമ്പോളേതും തോന്നും
കാമനീയകത്തിന്റെ കളിവീടായിത്തന്നെ.
നെടുവീർപ്പിനാൽ ചുറ്റും നേർത്ത സൗരഭം വീശി –
ച്ചുടുമുച്ചവെയ്‌ലത്തും ചൂടറിഞ്ഞീടാതോമൽ
ചെവിയോർത്തു നിന്നീടും മൽസമാഗമം മുൻപി –
ട്ടവിടെഗ്രഹിപ്പിക്കുമെൻ മൂളിപ്പാട്ടിന്നായി,
അരികെച്ചരിക്കുമ്പോളെന്റെ കാറ്റേറ്റാൽത്തന്നെ
വിരിയുംമുഖം : വേഗമംഗകം വേപം കോലും.
ഞാനടുത്തണഞ്ഞാകിൽ മിണ്ടുകില്ലടക്കിക്കൊ –
ണ്ടാ നറുംസ്മിതം നിൽക്കും കണ്ട ഭാവവുമെന്യേ.

**(ഭൃംഗഗീതി)** **(ജി. ശങ്കരക്കുറുപ്പ്)**

അംഗസൗഭഗം – ദേഹസൗന്ദര്യം; ഭൃംഗം – വണ്ട്
കാമനീയകം – സൗന്ദര്യം; വേപം – വിറയൽ

**21.** വണ്ട് സൗന്ദര്യമില്ലാത്തവനാണെങ്കിലും പൂവ് പ്രണയിക്കുന്നതെന്തുകൊണ്ട് ?

**22.** ഉച്ചവെയിലത്തും പൂവ് ചെവിയോർത്തുനിൽക്കാറുള്ളത് എന്തിനുവേണ്ടിയാണ് ?

**23.** പൂവിന്റെ പ്രണയ ചേഷ്ടകൾ സൂചനകളായി എഴുതുക. (രണ്ടെണ്ണം)

**24 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 8 സ്കോർ വീതം.** **(2×8=16)**

**24.** ''പെൺഗൗളിയുടെ അനുഭവസാക്ഷ്യങ്ങൾക്കു മുന്നിൽ ചൂളിപ്പോകുന്നവയാണ് ആൺഗൗളിയുടെ ദാർശനിക വായാടിത്തങ്ങൾ'' – ഈ പ്രസ്താവനയെ മുൻനിർത്തി 'ഗൗളിജന്മ'ത്തിലെ ഗൗളികളുടെ സ്വഭാവ സവിശേഷതകൾ വിശകലനം ചെയ്യുക.

**25.** പുലിക്കോട്ടിൽ ഹൈദർ അനുസ്മരണച്ചടങ്ങിൽ അവതരിപ്പിക്കുന്നതിന് അദ്ദേഹത്തിന്റെ രചനകളുടെ സവിശേഷതകളും പുരോഗമനാംശങ്ങളും സൂചിപ്പിക്കുന്ന പ്രഭാഷണം തയ്യാറാക്കുക.

സൂചനകൾ
- കേരളീയതയ്ക്കു നൽകിയ സ്ഥാനം
- അന്ധവിശ്വാസങ്ങളോടും അനാചാരങ്ങളോടും എതിർപ്പ്
- വാമൊഴിയോടുള്ള മമത
- സ്ത്രീപക്ഷപാതം

**26.** ''പാരിസ്ഥിതികാവബോധം വളർത്തുന്ന കവിതയാണ് കിരാതവൃത്തം'' – ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.